# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2938 13/07/2015-ൽ മറുപടിയ്ക്ക്**

**<u>താനൂർ ഓട്ടുമ്പ്രം - കെട്ടുങ്ങൽ പാലം നിർമ്മാണം</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) താനൂർ ഓട്ടുമ്പ്രം - കെട്ടുങ്ങൽ പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അപ്രോച്ച് റോഡിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (എ) | താനൂർ ഓട്ടുമ്പ്രം - കെട്ടുങ്ങൽ പാലം നിർമ്മാണം പുരോഗമിച്ചു വരുന്നു. 80% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. 21 ഗർഡറുകളിൽ 17 എണ്ണം പൂർത്തീകരിച്ചു. 7 ഡെക്ക് സ്ലാബുകളിൽ 5 ഡെക്ക് സ്ലാബുകളുടെ പണിയും പൂർത്തീകരിച്ചു. ഫുട്ട്പാത്തിന്റെ പ്രവൃത്തി പുരോഗമിച്ചു വരികയാണ്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഇതുവരെ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) താനൂർ ഓട്ടുമ്പ്രം - കെട്ടുങ്ങൽ പാലം നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ? | (ബി) | അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമായാൽ 8 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ആഫീസർ**